പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5226 30.06.2014-ൽ മറുപടിക്ക്

തമ്പാനൂർ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ തമ്പാനൂർ ബസ് ടെർമിനലിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; ഇതിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | 2014 ഫെബ്രുവരി 3-ന് ഉദ്ഘാടനം നടന്ന തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിന്റെ യാർഡിന്റെ പണികൾ ഉൾപ്പെടെയുള്ള മുഴുവൻ പണികളും 2014 മേയ് 31-ന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ലക്ഷ്യമിട്ടതുപോലെ കെ.എസ്.ആർ.ടി.സിയുടെ തമ്പാനൂർ ബസ് ടെർമിനിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുഴുവനും പൂർത്തിയായിട്ടില്ല. കെ.എസ്.യു.ഡി.പി നിർമ്മാണം നിർവ്വഹിക്കുന്ന തോടിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞ് അത് കെ.റ്റി.ഡി.എഫ്.സി.ക്ക് കൈമാറുകയും, നേരത്തെ കെ.എസ്.ആർ.ടി.സി പ്രവർത്തിച്ചിരുന്ന സ്ഥലത്തെ ബസ് പാർക്കിംഗ് മാറ്റി ടി സ്ഥലം കെ.റ്റി.ഡി.എഫ്.സി.ക്ക് കൈമാറുകയും ചെയ്താൽ മാത്രമേ ശേഷിക്കുന്ന പ്രവർത്തികൾ ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. ഇത് നിർവ്വഹിക്കുന്നതിന് രണ്ടു മാസം കൂടി സമയം വേണ്ടി വരുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |
| (ബി) | നിർമ്മാണം പൂർത്തിയാക്കാതെ ടെർമിനലിന്റെ ഉദ്ഘാടനം തിരക്കിട്ട് നടത്തിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി.യുടെ ബസ് ടെർമിനൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് പകുതി സ്ഥലം മാത്രമാണ് നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി, |

| | | | |
|---|---|---|---|
| | | | കെ.റ്റി.ഡി.എഫ്.സി.ക്ക് കൈമാറി നൽകിയിരുന്നത്. ശേഷിക്കുന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം തുടരുകയായിരുന്നു. പൂർണ്ണമായും നിർമ്മാണം പൂർത്തിയാക്കുന്നതിന് കെ.എസ്. ആർ.ടി.സി.യുടെ പ്രവർത്തനം ഘട്ടംഘട്ടമായി പുതിയ ടെർമിനലിലേയ്ക്ക് മാറേണ്ടതുണ്ടായിരുന്നു. ഉദ്ഘാടനം നടത്താതെ അത് സാധ്യമല്ലാതിരുന്നതിനാലാണ് യാർഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് മുമ്പ് ഉദ്ഘാടനം നടത്തിയത്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി കരാറെടുത്ത കമ്പനി ചട്ടം മറികടന്ന് ജോലികൾ സബ് കോൺട്രാക്ട് നൽകിയതായ സംഭവം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കരാറെടുത്ത കമ്പനി ചട്ടം മറികടന്ന് ജോലികൾ സബ് കോൺട്രാക്ട് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തുക പുതുക്കുവാൻ ശ്രമിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഗണനയിലുണ്ടോ; | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായതിനാൽ നിർമ്മാണ പ്രവൃത്തിയ്ക്ക് ഉപയോഗിച്ച സാധനങ്ങളുടെയും തൊഴിലിന്റെയും കൃത്യമായ കണക്കെടുത്ത് നിർമ്മാണ ചെലവിന്റെ യഥാർത്ഥ കണക്കെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമേ ഇക്കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | കോംപ്ലക്സിലെ ഇലക്ട്രിക്കൽ റൂം ഉൾപ്പടെയുള്ളവയുടെ നിർമ്മാണം അശാസ്ത്രീയവും സുരക്ഷയില്ലാതെയുള്ളതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ